ROLL NUMBER

| | | | | | |
|---|---|---|---|---|---|
| | | | | | |

**Code No: 12**

# INDIAN SCHOOL, AL GHUBRA

## MOCK – II [2007-2008]

## CLASS: X – MALAYALAM

## മലയാളം

*Time allowed: 3 hrs* — *M.Marks: 100*

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 100*

### *General Instructions:*

- *Please check that this question paper contains 4 printed pages.*
- *Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.*
- *Please check that this question paper contains 5 questions.*
- *Please write down the serial number of the question before attempting it.*

എ വിഭാഗം

**1.** (a) രണ്ടു പര്യായങ്ങൾ വീതമെഴുതുക — 1
മിഴി

(b) വിപരീതപദം എഴുതുക — 1
(1) ആകർഷണം
(2) ഏകം

(c) നാനാർത്ഥമെഴുതുക — 1
(1) താപം

(d) അർത്ഥവ്യത്യാസമെഴുതുക — 1
(1) തമസ്സ് - മഹസ്സ്

(e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക — 4
(1) പൂവൊത്ത
(2) ഏകോദരം
(3) അദ്ദേഹം
(4) ജഗദാധാരം

(f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക — 4
(1) അനുകമ്പാമസൃണം
(2) വാദപ്രതിവാദം
(3) സങ്കുചിതബുദ്ധി
(4) മുരശാസനൻ

(g) പ്രയോഗം മാറ്റുക 2

(1) ദയാനന്ദസരസ്വതി വേദത്തെ പ്രമാണമാക്കി.

(2) ചെറുശ്ശേരി ഭാഷയുടെ ശബ്ദാർത്ഥഗതമായ കഴിവുകളെ പരമാവധി ഉപയോഗിച്ചു.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 2

(1) വേദപ്രതിപാദിതങ്ങളായ തത്ത്വങ്ങൾ അപൗരുഷേയങ്ങളാണ്.

(2) കവികളുടെ ഭാവനയനുസരിച്ചു നായകൻെറ കഥയുടെ ഏതു രംഗവും പുഷ്ടിപ്പെടുത്താം.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

ആ രംഗത്തിലേയ്ക്ക് എത്രമാത്രം പ്രതാപത്തോടെ പ്രവേശിച്ചുവോ, അത്രമാത്രം ദീനതയോടെ പ്രവേശിച്ച ആ എളിയ സൂതതാതപിതാവിൻെറ അടുക്കൽ അയാൾ യഥോചിതം പോലെ ആചാരമനുഷ്ഠിക്കാൻ മടിച്ചില്ലല്ലോ.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

വാഹനങ്ങളിൽ നിന്നും ഒഴിഞ്ഞൊഴിഞ്ഞ് അയാൾ റിക്ഷയും കൊണ്ട് ഓടുന്നത് അദ്ഭുതകരമായ കാഴ്ചയാണ്.

**2.** (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10

(1) ആധുനിക വിവരസാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ ചെലുത്തുന്ന സ്വാധീനം

(2) മതസൗഹാർദ്ദത്തിൻെറ ആവശ്യകത

(3) പരിസരമലിനീകരണം

(b) നിങ്ങളുടെ പരിസരപ്രദേശത്തുള്ള കൃഷിഭൂമി നികത്തുന്നതിനെതിരെ പ്രതികരിച്ചുകൊണ്ട് നിങ്ങൾ സ്ഥിരമായി വായിയ്ക്കുന്ന ഏതെങ്കിലും പത്രത്തിൻെറ പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ആഫ്രിക്കയിൽ തൻെറ നാട്ടുകാർ അനുഭവിക്കുന്ന കഷ്ടതകൾ കണ്ട് ഗാന്ധിജിയുടെ മനസ്സ് വല്ലാതെ വേദനിച്ചു. അതിനാൽ കേസ് കഴിഞ്ഞിട്ടും അവിടെത്തന്നെ താമസിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. “എൻെറ നാട്ടുകാരുടെ ദു:ഖം കണ്ടുകൊണ്ട് ഞാൻ ഇന്ത്യയിലേക്കു തിരിച്ചു പോകുന്നതെങ്ങനെ ?” എന്ന് അദ്ദേഹം ചിന്തിച്ചു വേദനിച്ചു. അതിനാൽ ആ മനുഷ്യസ്നേഹി അവർക്കിടയിൽത്തന്നെ ജീവിച്ചു. അവരിലൊരാളായി അവരുടെ ദുരിതം പങ്കിട്ടുകൊണ്ടും അവർക്ക് ആത്മവിശ്വാസം നൽകിക്കൊണ്ടും എതിർക്കാനും എതിർപ്പിനെ നേരിടാനും ഗാന്ധിജി അവരെ ശീലിപ്പിച്ചു. ഭീരുക്കളായി ജീവിക്കുന്നതിലും നല്ലത് മരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. സത്യത്തോടും നീതിയോടും മമത കാട്ടാൻ അവരെ പഠിപ്പിച്ചു. അന്യായത്തെ നേരിടാൻ ഒരു പുതിയ

സമരമാർഗ്ഗം അവർക്കു കാട്ടിക്കൊടുത്തു. അതുവരെ ആരും പ്രയോഗിച്ചിട്ടില്ലാത്ത സമരതന്ത്രം. അക്രമത്തെ അതേ നാണയത്തിൽ തിരിച്ചടിക്കുന്നതു ഗുണമല്ല ദോഷമാണ് ചെയ്യുന്നതെന്ന് ഗാന്ധിജി കാട്ടിക്കൊടുത്തു. ശത്രുവിനെ കീഴടക്കാനുള്ള ആയുധം ആത്മശക്തിയാണെന്നും ഇന്ത്യക്കാരെ ധരിപ്പിച്ചു. സഹിക്കുക, വീണ്ടും സഹിക്കുക, പിന്നെയും സഹിക്കുക ഇതായിരുന്നു എതിരാളികളുടെ നേരെ ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ പ്രയോഗിച്ച സമരതന്ത്രം. ഈ സമരത്തിന് അദ്ദേഹം ഒരു പുതിയ പേരും നൽകി, സത്യഗ്രഹസമരം. മുമ്പെങ്ങും കാണാത്ത ഈ പുതിയ സമരതന്ത്രം കാരണം ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ ശ്രദ്ധിക്കപ്പെട്ടു. ആ രാജ്യത്തിന് അകത്തും പുറത്തും അദ്ദേഹം പെട്ടെന്ന് വിശ്രുതനായി. മുഷ്കരന്മാരായ പൊലീസ് മേധാവികൾപോലും അവിടെ ഗാന്ധിജിയെ ഭയപ്പെട്ടു. ആയുധം വയ്പിക്കാനോ അടിച്ചമർത്താനോ കഴിയാത്ത ഈ സമരമാർഗ്ഗമുപയോഗിച്ച് ഗാന്ധിജി അവിടെ കറുത്ത വർഗ്ഗക്കാരെ രക്ഷിച്ചു. അവരെ ദ്രോഹിക്കാൻ വെള്ളക്കാർ എഴുതിയുണ്ടാക്കിയ കരിനിയമങ്ങളത്രയും ഗാന്ധിജിയുടെ വൈശിഷ്ട്യത്തിനു മുന്നിൽ ഭരണാധികാരികൾക്ക് അടിയറ വയ്ക്കേണ്ടി വന്നു. പല നിയമങ്ങളും തിരുത്തിയെഴുതപ്പെട്ടു. അതോടെ ഗന്ധിജി തെക്കേ ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാർക്ക് ദൈവമായി മാറി.

(1) ഗാന്ധിജി പ്രയോഗിച്ച സമരതന്ത്രം എന്തായിരുന്നു ? 2
(2) ഗാന്ധിജി തെക്കേ ആഫ്രിക്കയിലെ കറുത്തവരെ രക്ഷിച്ചത് എങ്ങനെ ? 2
(3) തെക്കേ ആഫ്രിക്കക്കാരെ ഗാന്ധിജി എന്തെല്ലാം പഠിപ്പിച്ചു ? 2
(4) ഗാന്ധിജിയുടെ വൈശിഷ്ട്യത്തിനു മുന്നിൽ ഭരണാധികാരികൾക്ക് അടിയറവയ്ക്കേണ്ടി വന്നത് എന്ത് ? 2
(5) ഗാന്ധിജി തെക്കേ ആഫ്രിക്ക വിട്ടുപോരുവാൻ മടിച്ചത് എന്തുകൊണ്ട് ? 2

## ബി വിഭാഗം

**3.** (a) "താങ്കളിപ്പോൾ കാണിച്ച വിദ്യകളെല്ലാം കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ ഞാനും കാണിക്കാം. ആളുകൾ നോക്കട്ടെ. താങ്കൾ താങ്കളെച്ചൊല്ലി അദ്ഭുതപ്പെടേണ്ട.!"
ആര് ആരോടു പറയുന്ന വാക്കുകളാണിത് ? സന്ദർഭവും ആശയവും വിശദമാക്കുക 4

(b) കൃഷ്ണഗാഥയുടെ മഹത്വത്തിന്റെ കാരണങ്ങളിൽ അനുപേക്ഷണീയമായത് എന്ത് ? 4

(c) പപ്പു സ്റ്റേഷനിലേയ്ക്ക് പോയപ്പോൾ തെരുവിലുള്ളവർ പറഞ്ഞതെന്തെല്ലാം ? 4

(d) ബാല്യകാലസഖിയിൽ ചെറുകഥയ്ക്കുവേണ്ട എന്തെല്ലാം സവിശേഷതകളാണ് എം. പി. പോൾ കണ്ടെത്തുന്നത് ? 4

(e) ശ്രീനാരായണഗുരു പ്രസിദ്ധപ്പെടുത്തിയ സന്ദേശങ്ങളിൽ രണ്ടാമത്തേത് ഏത് ? 1

രണ്ടാമത്തെ സന്ദേശത്തെ ശാശ്വതമായ മനുഷ്യത്വത്തിന്റെ പ്രഖ്യാപനം എന്നു വിശേഷിപ്പിക്കാൻ കാരണമെന്ത് ? 3

**4.** (a) പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നതാണ് പ്രേമമെന്ന് കവി സ്ഥാപിക്കുന്നതെങ്ങനെ ? 4

(b) "മുൾച്ചെടിച്ചാർത്തെന്നോ, മുല്ലപ്പൂക്കൾ,
മൂടി വിരിച്ച വിരികളെന്നോ,
മുറ്റും ഗണിച്ചീല മൽപ്പിതാവാ-
മുഗ്ദ്ധസങ്കല്പത്തെ വാർത്തെടുക്കേ."

അലങ്കാരം, ആശയം തുടങ്ങിയവ വിശദമാക്കുക. 4

(c) 'നിന്നരുളുന്നനേരമീരേഴുലോകങ്ങളു-
മൊന്നു മാറ്റൊലിക്കൊണ്ടു, വിസ്മയപ്പെട്ടു ജനം.'

(i). നിന്നരുളിയതാര് ? 1

(ii). വിസ്മയപ്പെടാനിടയായ സന്ദർഭമെഴുതുക. 2

(iii). ഏതു കവി എഴുതിയ വരിയാണിത് ? 1

(d) 'ഇരുവഴിയിൽ പെരുവഴി നല്ലൂ
പെരുവഴിയേ പോ ചങ്ങാതി.'

എന്നു പറയാൻ കാരണമെന്ത് ? 4

(e) 'എന്നെത്തന്നെ കൊടുത്തു ഞാനൊരു
വീടു വാങ്ങിച്ചു.' -

ഈ വരികൾ എഴുതിയ കവിയാര് ? 1

ഇങ്ങനെ സൂചിപ്പിച്ചതിന്റെ സാഹചര്യമെഴുതുക. 3

**5.** ഫലിതത്തിൽ പൊതിഞ്ഞ യാഥാർത്ഥ്യങ്ങളാണ് 'പ്രൊഫസറുടെ ലോകം' - വ്യക്തമാക്കുക. 10

(അല്ലെങ്കിൽ)

"സമകാല സമൂഹത്തെ വിമർശബുദ്ധിയോടെ കാണുന്ന കൃതിയാണ് പ്രൊഫസറുടെ ലോകം." - ഈ അഭിപ്രായം വിലയിരുത്തുക.

■

ROLL NUMBER

| | | | | | |
|---|---|---|---|---|---|
| | | | | | |

Code No: **12**

# INDIAN SCHOOL, AL GHUBRA

## MOCK – 1 [2007-2008]

## CLASS: X – MALAYALAM

## മലയാളം

***Time allowed: 3 hrs*** — ***M.Marks: 100***

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 100*

***General Instructions:***

- *Please check that this question paper contains 4 printed pages.*
- *Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.*
- *Please check that this question paper contains 5 questions.*
- *Please write down the serial number of the question before attempting it.*

എ വിഭാഗം

**1.** (a) പര്യായം — 1

നാവ്

(b) വിപരീതപദം എഴുതുക — 1

(1) ആശ

(2) സമം

(c) നാനാർത്ഥമെഴുതുക — 1

(1) മാർഗ്ഗം

(d) അർത്ഥവ്യത്യാസമെഴുതുക — 1

(1) ഗാത്രം – ഗോത്രം

(e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക — 4

(1) ഉപകാരോപനിഷത്ത്

(2) അന്നാദ്യം

(3) തൂകെത്തൂകെ

(4) കണ്ണീർ

(f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക — 4

(1) പരമാനന്ദം

(2) മനോഭാവം

(3) അനാദി

(4) അകതാര്

(g) പ്രയോഗം മാറ്റുക 2

(1) മദ്യം മനുഷ്യനെ ദുഷിപ്പിക്കും.

(2) ഞാൻ പുസ്തകത്തിൻെറ ആദ്യപേജ് നിവർത്തി.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 2

(1) അയാൾ അവളെ റോഡിൻെറ അരികിലേയ്ക്കു മാറ്റി നിറുത്തിയിട്ടു വണ്ടിയുമെടുത്തുകൊണ്ട് ഓട്ടം തുടങ്ങി.

(2) ഭാഷയുടെ ശബ്ദാർത്ഥഗതമായ കഴിവുകളെ പരമാവധി ഉപയോഗിച്ചത് ചെറുശ്ശേരിയുടെ കലാപരമായ വിജയങ്ങളിൽ ഒന്നാണ്.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

സ്വസ്ത്യയനം കഴിഞ്ഞ്, കൈയുറയും സ്വർണ്ണപ്പൊൻകവചവും നിറഞ്ഞ ആവനാഴിയോ വില്ലും ധരിച്ച അർജുനൻ കളത്തിലിറങ്ങി.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

ബഷീർ മങ്കോസ്റ്റിൻ എന്ന വലിയ മരത്തിൻെറ ചുവട്ടിൽ ഇരിക്കുന്നതു പ്രതിരൂപാത്മകമായ പ്രക്രിയയാണെന്ന് എനിക്കു തോന്നുന്നു.

**2.** (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10

(1) വായനയുടെ പ്രാധാന്യം.

(2) വിദ്യാർത്ഥികളും കായികവിനോദവും

(3) സ്കൂൾ സാഹിത്യസമാജം കൊണ്ടുള്ള നേട്ടങ്ങൾ

(b) നിങ്ങളുടെ സ്കൂൾ വാർഷിക ആഘോഷം ഉദ്ഘാടനം ചെയ്യാൻ അപേക്ഷിച്ചുകൊണ്ട് ജില്ലാ കളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കേരളഭാഷയ്ക്ക്, ‘മലയാളം’, എന്ന പേരു സിദ്ധിച്ചിട്ട് അധികകാലമായിട്ടില്ല. ‘മലയാളം’ ആദ്യം ദേശനാമത്തെക്കുറിക്കുന്ന പദമായിരുന്നു. മലയോടു ചേർന്നു കിടക്കുന്ന ‘അളം’ അഥവാ ദേശം എന്ന അർത്ഥത്തിൽ ഉദ്ഭവിച്ച ‘മലയാളം’ എന്ന പദം ഈഷൽഭേദത്തോടെ ‘മലയാള’മായിത്തീർന്നതാവാം. പിന്നീടു ‘മലയാണ്മ’ ‘മലയായ്മ’ എന്നീ സംജ്ഞകൾ ഭാഷാവാചിയായി നിലവിലിരുന്നിരുന്നു. ഇപ്പോൾ ദേശനാമമായ ‘മലയാളം’ തന്നെ ഭാഷാനാമമായും ഉപയോഗിച്ചുവരുന്നു. ദ്രാവിഡഭാഷാഗോത്രത്തിൽപ്പെട്ട ഒരു ഭാഷയുടെ ലക്ഷണമാണ് മലയാളത്തിനു സ്വാഭാവികമായി കാണുന്നത്. എങ്കിലും മലയാളത്തിന് മറ്റു ദ്രാവിഡഭാഷകളുമായി, വിശേഷിച്ച് അതിനോട് ഏറ്റവും അടുത്തുനിൽക്കുന്ന തമിഴുമായി ഉണ്ടായിരുന്ന ബന്ധം

എങ്ങനെയുള്ളതെന്നതിനെപ്പറ്റി സാരമായ അഭിപ്രായവ്യത്യാസമുണ്ട്. മലയാളം തമിഴിൻെറ ഒരു ശാഖ മാത്രമാണെന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരുന്നു. ബിഷപ്പ് കാൽഡ്വൽ ഉന്നയിച്ച ഈ അഭിപ്രായത്തെത്തന്നെയാണ് പിന്നീട് എ. ആർ. രാജരാജവർമ്മ 'കേരളപാണിനീയ'ത്തിൽ വിസ്തരിച്ച് സമർത്ഥിച്ചിട്ടുള്ളത്. തമിഴും മലയാളവും തമ്മിൽ ദീർഘകാലമായി നിലനിന്നുവന്ന ഗാഢസമ്പർക്കവും, രണ്ടിലേയും വ്യാകരണനിയമങ്ങൾ, പദസമൂഹം എന്നിവയിൽ കാണുന്ന സാദൃശ്യങ്ങളും, മലയാളത്തിനെത്തന്നെ തമിഴെന്ന പേരിൽ വ്യവഹരിച്ചുവന്നതും ഈ വാദത്തിന് അസാധാരണമായ പ്രാബല്യം നൽകിയിട്ടുണ്ട്.

1. മലയാളം ഏതു ഭാഷാഗോത്രത്തിൽപ്പെടുന്നു ? 2
2. 'കേരളപാണിനീയത്തിൽ' എ.ആർ.രാജരാജവർമ്മ സമർത്ഥിച്ചിട്ടുള്ളത് ആരുടെ അഭിപ്രായത്തെയാണ് ? 2
3. തമിഴിൻെറ ശാഖയാണു മലയാളമെന്ന വാദത്തിന് അസാധാരണപ്രാബല്യം ലഭിച്ചതെങ്ങനെ ? 2
4. മലയാളം എന്ന പദത്തിൻെറ ഉദ്ഭവം എഴുതുക. 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## ബി വിഭാഗം

**3.** (a) "എൻെറ ഈ ദാനം പൊറുക്കാത്തവനാരോ അവൻ വില്ലു കുലച്ചു വരട്ടെ." –

(i). ഇങ്ങനെ പറഞ്ഞതാര് ? 1

(ii). സന്ദർഭം വിശദമാക്കുക. 2

(iii). ആർക്കാണു ദാനം നൽകിയത് ? 1

(b) 'ചെറുശ്ശേരിയുടെ കൃതി ഗുണം കൊണ്ടെന്ന പോലെ വലുപ്പം കൊണ്ടും ശ്രദ്ധേയമായിരിക്കുന്നു. – ലേഖകൻ ഈ അഭിപ്രായത്തെ വ്യക്തമാക്കുന്നതെങ്ങനെ ? 4

(c) നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ പപ്പുവിന് ഉണ്ടാകാനിടയായ സാഹചര്യം ചുരുക്കി വിവരിക്കുക. 4

(d) മതങ്ങളെപ്പാറ്റി ശ്രീനാരായണഗുരുവിൻെറ കാഴ്ചപ്പാടെന്ത് ? 4

(e) 'ബഷീർ മങ്കോസ്റ്റീൻ എന്ന വലിയ മരത്തിൻെറ ചുവട്ടിൽ ഇരിക്കുന്നതു പ്രതിരൂപാത്മകമായ പ്രക്രിയയാണെന്ന് എനിക്കു തോന്നുന്നു.' –

(i). തോന്നിയതാർക്ക് ? 1

(ii). ഇങ്ങനെ പ്രസ്താവിക്കാനുള്ള കാരണം വിശദമാക്കുക. 3

**4.** (a) 'വഴിപോൽ ബഹുമാനിക്കണമല്ലോ'

(i). വഴിപോലെ ബഹുമാനിക്കേണ്ടതാരെ ? 1

(ii). എങ്ങനെയാണ് ബഹുമാനിക്കുക. ? 2

(iii). ഏതു കവിതയിലെ വരികളാണിത് ? കവിയാര് ? 1

(b) 'കൗതുകമുണ്ടായ്‌വന്നു ചേതസി കൗശികനും' -

(i). ഏതു കവിതയിലെ വരികളാണിത് ? കവിയാര് ? 1

(ii). കൗശികന് കൗതുകമുണ്ടായതെപ്പോൾ ? സന്ദർഭമെഴുതുക. 3

(c) "ഒരൊറ്റമതമുണ്ടുലകി, ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം"
- സ്വാരസ്യവും അലങ്കാരവും വ്യക്തമാക്കുക. - 4

(d) 'അച്ഛനോ ദൂനമാണിന്നു ചിത്തം
കൊച്ചു സുഹൃന്മണേ നിന്റെ പേരിൽ'
അച്ഛനു ദു:ഖം തോന്നാൻ ഇടയായ സംഭവമെന്തായിരുന്നു. 4

(e) പുതിയ പുതിയ സുഖഭോഗവസ്തുക്കൾക്കുവേണ്ടി തന്റെ
നിലനിൽപിനെത്തന്നെ പണയം വയ്ക്കുന്ന ആധുനിക മനുഷ്യന്റെ
മനോഭാവത്തെ കവി പരിഹസിക്കുന്നതെങ്ങനെ ? 4

**5.** 'പ്രൊഫസറുടെ ലോകം' എന്ന കഥാസമാഹാരത്തിലൂടെ കെ. എൽ. മോഹനവർമ്മ നമ്മുടെ സമൂഹത്തിലെ ചില മാന്യന്മാരുടെ യഥാർത്ഥ മുഖം നമ്മെ കാണിച്ചു തരുകയാണ്. - ഈ അഭിപ്രായം വിലയിരുത്തുക. 10

(അല്ലെങ്കിൽ)

'പ്രൊഫസറുടെ ലോക'ത്തിലെ പ്രൊഫസറുടെ ദൗർബല്യങ്ങളും ജീവിതസങ്കീർണ്ണതകളും വാസ്തവത്തിൽ എല്ലാ മനുഷ്യരുടെയും ദൗർബല്യങ്ങളും സങ്കീർണ്ണതകളുമാണ്. - വ്യക്തമാക്കുക.

■

MODEL EXAMINATION - 2008 CODE: 012

# മലയാളം

Time allowed: 3 hours Max Marks: 100

## എ വിഭാഗം

1. (a) രണ്ടു പര്യായപദം എഴുതുക: 1
യശസ്സ്

(b) വിപരീതപദം എഴുതുക: 1
(1) ഉത്തമം (2) സമം

(c) അർത്ഥവ്യത്യാസമെഴുതുക 1
മതം — മദം

(d) നാനാർത്ഥമെഴുതുക: 1
അരക്കൻ

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക 4
(1) ജനനിബിഡം (2) പൊൻകവചം
(3) പരിഗണനാർഹം (4) ഈരേഴുലോകം.

(f) പ്രയോഗം മാറ്റുക: 2
(1) മതിമാന്മാരായ പല സാഹിത്യകാരന്മാരും ഇന്ന് ചെറുകഥയെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു.
(2) ശ്രീനാരായണഗുരു ശോഭനമായ ഒരവസ്ഥയിലേക്ക് കേരളത്തെ നയിച്ചു.

(g) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക: 4
(1) ഞെട്ടിയുണർന്നു (2) സന്ദേശങ്ങൾ
(3) തലയറുത്ത് (4) നിശ്ശങ്കം.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക 2

(1) മരണത്തേക്കാൾ ദാരുണമായ ദുരനുഭവങ്ങൾ ജീവിതത്തിലുണ്ടെന്ന് അവർക്ക് ബോദ്ധ്യമാകും.

(2) അർജ്ജുനൻ കാണിച്ച അഭ്യാസങ്ങൾ കുറേക്കൂടി ഭംഗിയായി കർണ്ണൻ കാണിച്ചു.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

വാർദ്ധക്യദശയിൽ അദ്ദേഹം എപ്പോഴും നിരന്തരമായി സഞ്ചരിക്കുകയോ ഊർജ്ജസ്വലമായ പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്യുന്നതായി നാം കാണുന്നില്ല.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

മൂർത്തമായ വസ്തുപ്രപഞ്ചം അമൂർത്തമായ ആശയപ്രപഞ്ചമായി മാറുമ്പോൾ അതിന്റെ നിയാമക ഘടകമായി വർത്തിക്കുന്നത് കവിയുടെ ജീവിതദർശനമാണ്.

2 (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക 10

1. കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങൾ
2. വിദ്യാഭ്യാസത്തിൽ മൂല്യബോധനത്തിനുള്ള സ്ഥാനം
3. ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം യുവത്വത്തിൽ

(b) നിങ്ങളുടെ താലൂക്കിലെ ഗവൺമെന്റ് ആശുപത്രിയിലെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് മന്ത്രിക്ക് കത്ത് തയ്യാറാക്കുക 10

(c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യ-ങ്ങൾക്ക് ഉത്തരമെഴുതുക:

ഭാരതീയ ചൈതന്യത്തിന്റെ അന്തഃസത്ത പുനരാ-വിഷ്കരിക്കുന്നതിലാണ് ഉള്ളൂർ കൂടുതൽ ശ്രദ്ധിച്ചത്. ഉള്ളൂർകവിതകളുടെ അന്തർഭാവവും മറ്റൊന്നുമല്ല. കവികളുടെ ഖണ്ഡകൃതികൾ ഈ പാരമ്പര്യത്തോടുള്ള ആത്മബന്ധവും ബഹുമാനവും ഉദാഹരിക്കുന്നു. പുരാണേതിഹാസ കഥാപാത്രങ്ങൾക്കു ചൈതന്യവും ശക്തിയും നൽകി അവതരിപ്പിക്കുവാനുള്ള കഴിവ് അനന്യസാധാരണമായി അദ്ദേഹത്തിൽ കാണുന്നു. കർണ്ണഭൂഷണം ഈ സവിശേഷതകൾ ഉൾക്കൊള്ളുന്ന ഉള്ളൂർകൃതികൾക്ക് നാഴികക്കുടമാണ്. ആർഷധർമ്മത്തി-ന്റെയും ആത്മത്യാഗത്തിന്റെയും ഉൽകൃഷ്ടപ്രതീകമാണ് ഇതിലെ കർണ്ണൻ. കർണ്ണൻ കാലാനുപ്രസക്തിയുള്ള ഒരു കഥാപാത്രമാണ്. 10

1. ഉള്ളൂർ ഏതു വിഷയത്തിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്?
2. കവികളുടെ ഖണ്ഡകൃതികൾ ഉദാഹരിക്കുന്നതെന്ത്?
3. കർണ്ണഭൂഷണം എപ്രകാരമാണ് വിശേഷിപ്പിക്കപ്പെടുന്നത്?
4. കർണ്ണഭൂഷണത്തിലെ കർണ്ണന്റെ സവിശേഷതകളെന്ത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക

## ബി വിഭാഗം

3 (a) "പക്ഷേ അന്താർക്കും അറിഞ്ഞുകൂടാ, അറിയുന്ന-വർക്കു പറഞ്ഞുംകൂടാ" — ഇങ്ങനെ പറയുന്ന-തിന്റെ പൊരുളെന്ത്? വിശദമാക്കുക. 4

(b) നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ പപ്പുവിന് ഉണ്ടാകാനിടയായ സംഭവമെന്ത്? 4

(c) കൃഷ്ണകഥ ഇന്ത്യൻ കവിഭാവനയെ ആകർഷിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാം? 4

(d) സർവ്വമതസമ്മേളനം വിളിച്ചുകൂട്ടണമെന്ന ആശയം ശ്രീനാരായണഗുരുവിന്റെ മനസ്സിലുദിക്കാൻ കാരണമെന്ത്? 4

(e) ജീവിതത്തിലെ ദയനീയങ്ങളായ വിപര്യങ്ങളാണ് ബാല്യകാലസഖിയിലെ പ്രതിപാദ്യവസ്തുവെന്ന് എം.പി. പോൾ സമർത്ഥിക്കുന്നതെങ്ങനെ? 4

4 (a) എങ്ങനെയുള്ളവർക്കാണ് പ്രേമാത്മാവായ പിതാവിനെ കാണാൻ കഴിയുന്നത്? 4

(b) 'ഇരുവഴിയിൽ പെരുവഴി നല്ലൂ' — എന്നു പറയാൻ കാരണമെന്ത്? 4

(c) കവിക്ക് അച്ഛൻ നൽകിയ ആശിസ്സെന്തായിരുന്നു? ആ സങ്കല്പം നന്നായി എന്നു പറയാൻ കാരണമെന്ത്? 4

(d) വില്ലു കുലയ്ക്കാൻ ശ്രീരാമൻ അനുവാദം ചോദിച്ചപ്പോൾ ഗുരുവിന്റെ മറുപടി എന്തായിരുന്നു? 4

(e) ആധുനിക മനുഷ്യന്റെ ഏതെല്ലാം മനോഭാവങ്ങളെയാണ് 'വായന' എന്ന കവിതയിൽ കവി പരിഹസിച്ചിരിക്കുന്നത്? 4

5. ചിരിയും ചിന്തയുമാണ് 'പ്രൊഫസറുടെ ലോകത്തിന്റെ' ആത്മാവ് — ഈ അഭിപ്രായം വിലയിരുത്തുക 10

അല്ലെങ്കിൽ

'പ്രൊഫസറുടെ ലോകം' എന്ന കൃതിയിലൂടെ നമ്മുടെ സമൂഹത്തിലെ ചില മാന്യന്മാരുടെ മുഖംമൂടി അഴിച്ചുമാറ്റുകയാണ് കഥാകാരൻ ചെയ്യുന്നത് — ഈ അഭിപ്രായം പരിശോധിക്കുക 10

* * *